**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 887/KCBC/K-6/KPR/DS* 03.01.2023

## ക്രൈസ്തവർക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിക്കുന്നു, ഭരണകൂടങ്ങൾ നിസംഗത വെടിയണം: കെസിബിസി

കൊച്ചി: ഛത്തീസ്ഘട്ടിലെ നാരായൺപൂരിൽ കത്തോലിക്കാ ദേവാലയം അക്രമികൾ തകർത്ത സംഭവം അത്യന്തം പ്രതിഷേധാർഹമാണ്. ഛത്തീസ്ഘട്ടിലും വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലും ക്രൈസ്തവർക്കെതിരെയുള്ള അതിക്രമങ്ങൾ നിയന്ത്രണാതീതമാവുകയാണ്. രാഷ്ട്രീയ താൽപ്പര്യങ്ങളോടെ സാധാരണ ജനങ്ങൾക്കിടയിൽ വർഗ്ഗീയ ചേരിതിരിവുകൾ സൃഷ്ടിക്കാനുള്ള സംഘടിത ശ്രമങ്ങളുടെ തുടർച്ചയാണ് ഇത്തരം അക്രമസംഭവങ്ങൾ. പ്രത്യേകിച്ച്, ഇലക്ഷനുകൾക്ക് മുന്നോടിയായി വിദ്വേഷ പ്രചാരണങ്ങൾ നടത്തി വർഗ്ഗീയ കലാപങ്ങൾ സൃഷ്ടിക്കാനും രാഷ്ട്രീയ മുതലെടുപ്പുകൾ നടത്താനുമുള്ള ശ്രമങ്ങൾ ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വിഘാതമാകുന്നു. നിർബ്ബന്ധിത മതപരിവർത്തനം എന്ന ദുരാരോപണം നിരന്തരം ഉയർത്തി ക്രൈസ്തവ വിരുദ്ധ വികാരം സൃഷ്ടിക്കാനും, മതപരിവർത്തന നിരോധന നിയമങ്ങൾ ദുരുപയോഗിച്ചുകൊണ്ട് നിരപരാധികളെ കേസുകളിൽ അകപ്പെടുത്താനും, മാധ്യമങ്ങളും സോഷ്യൽമീഡിയയും വഴിയായി അവാസ്തവങ്ങൾ പ്രചരിപ്പിക്കാനുമുള്ള ശ്രമങ്ങൾ മൂലം വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്ക് സുരക്ഷിതമായി ജീവിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നു.

ഇഷ്ടമുള്ള മതത്തിൽ അംഗമാകുവാനും സ്വാതന്ത്ര്യത്തോടെ ആ വിശ്വാസത്തിൽ ജീവിക്കുവാനും ഏതൊരു ഇന്ത്യൻ പൗരനും ഭരണഘടന പ്രകാരം പൂർണ്ണ അവകാശമുണ്ട്. എന്നാൽ, ക്രിസ്തുമതം സ്വീകരിച്ചു എന്ന കാരണത്താൽ ഛത്തീസ്ഘട്ടിലെ നിരവധി ഗ്രാമങ്ങളിൽ അനേകർ നിഷ്ഠൂരമായി പീഡിപ്പിക്കപ്പെടുകയും നാടുവിടാൻ നിർബ്ബന്ധിതരാവുകളും ചെയ്യുന്നു. ഇതേ കാരണത്താൽ ഹിന്ദുത്വ വർഗ്ഗീയ സംഘടനകളുടെ നേതൃത്വത്തിൽ തുടർച്ചയായ ആക്രമണങ്ങളും കലാപശ്രമങ്ങളും ഉണ്ടായിട്ടും അവയെ പ്രതിരോധിക്കാനോ കുറ്റവാളികൾക്കെതിരെ നടപടികൾ സ്വീകരിക്കാനോ ഭരണകൂടങ്ങൾ തയ്യാറാകുന്നില്ല.

ഇത്തരം ദുരാരോപണങ്ങളെ തുടർന്നുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിലും, നിർബ്ബന്ധിത മതപരിവർത്തനം നടക്കുന്നുണ്ട് എന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ റിപ്പോർട്ട് നൽകിയതും, മതപരിവർത്തന നിരോധന നിയമം അവതരിപ്പിക്കാൻ പദ്ധതിയിടുന്നതും സംശയാസ്പദമാണ്. നിർബ്ബന്ധിത മതപരിവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിൽ അത് നിയമപരമായി കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട് എങ്കിലും, അത്തരം പുതിയ നിയമങ്ങൾ വ്യാപകമായി ദുരുപയോഗിക്കപ്പെടുകയും ആൾക്കൂട്ട അക്രമങ്ങൾക്ക് പോലും മറയായി മാറുകയും ചെയ്യുന്ന പ്രവണത അത്യന്തം ദൗർഭാഗ്യകരമാണ്. ഈ രാജ്യത്ത് ഇഷ്ടമുള്ള മതവിശ്വാസം സ്വീകരിക്കാനും അതിൽ ജീവിക്കാനും എളുപ്പമല്ല എന്നുവരുന്നത് ഭരണഘടനാ ലംഘനവും മനുഷ്യാവകാശ നിഷേധവുമാണ്. ഘർവാപ്പസി എന്ന പേരിൽ അക്രമങ്ങൾ അഴിച്ചുവിടുന്നവരെയും അത്തരം ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംഘടനകളെയും നിയമത്തിന് കീഴിൽ കൊണ്ടുവരുവാനും എല്ലാ മതസ്ഥർക്കും ഒരുപോലെ സുരക്ഷിതമായി ജീവിക്കാനുള്ള സാഹചര്യമൊരുക്കാനും കേന്ദ്ര - സംസ്ഥാന ഭരണകൂടങ്ങൾ തയ്യാറാകണം.

**ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.